# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2314

06.10.2016-ൽ മറുപടിക്ക്

## <u>സുനാമി വീടുകൾ</u>

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.കെ. ദാസൻ** | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കൊയിലാണ്ടി മണ്ഡലത്തിൽ ചേമഞ്ചേരിയിലും ചെങ്ങോട്ടുകാവിലും നിർമ്മിച്ച സുനാമി വീടുകൾ നിർമ്മിച്ച് 5 വർഷം കഴിഞ്ഞിട്ടും ഇതു വരെയും ഗുണഭോക്താക്കൾക്ക് കൈമാറാൻ കഴിയാത്ത സ്ഥിതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടെ വെള്ളം, വെളിച്ചം പോലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) അടിയന്തരമായി സുനാമി വീടുകൾ ഗുണഭോക്താക്കൾക്ക് കൈമാറുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ? | (എ) യും (ബി) യും | കൊയിലാണ്ടി മണ്ഡലത്തിലെ ചേമഞ്ചേരി പഞ്ചായത്തിൽ സുനാമി പദ്ധതി പ്രകാരം കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് 25 വീടുകൾ നിർമ്മിച്ച് 17.08.2012-ൽ കൊയിലാണ്ടി തഹസീൽദാർക്ക് കൈമാറിയിട്ടുണ്ട്. അതുപോലെ ചേങ്ങോട്ടുകാവ് പഞ്ചായത്തിൽ സുനാമി പുനരധിവാസ പദ്ധതി പ്രകാരം 28 വീടുകൾ നിർമ്മിച്ച് 26.12.2011-ന് കൊയിലാണ്ടി തഹസീൽദാർക്ക് കൈമാറിയിട്ടുണ്ട്. ടി വീടുകളുടെ കുടിവെള്ള വിതരണ പദ്ധതിയും പൂർത്തീകരിച്ച് 11.04.2016-ന് കൊയിലാണ്ടി തഹസീൽദാർക്ക് കൈമാറിയിട്ടുണ്ട്. വീടുകൾ ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതും കൈമാറുന്നതും ജില്ലാ ഭരണകൂടം മുഖേനയാണ്. |

സെക്ഷൻ ഓഫീസർ